*"ഭരണഭാഷ-മാതൃഭാഷ"*

# വ്യാവസായിക പരിശീലന വകുപ്പ്
# (കേരള സംസ്ഥാനം)

നമ്പർ: എച്ച്1/2323/12. തൈക്കാട്, തിരുവനന്തപുരം-14

തീയതി: 18/02/2013

## ചുറ്ററിയിപ്പ്

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്- ട്രെയിനിംഗ് ഡയറക്ടറേറ്റ് - എൻ.സി.വി.റ്റി/എസ്.സി.വി.റ്റി സെക്രട്ടറി മേലൊപ്പ് ചാർത്തി നൽകിയിട്ടുള്ള സർട്ടിഫിക്കറ്റുകളിൽ വെട്ടിതിരുത്തലുകൾ വരുത്തുവാൻ പാടുള്ളതല്ല എന്ന നിർദ്ദേശം നൽകുന്നത് - സംബന്ധിച്ച്.

***************

എൻ.സി.വി.റ്റി സെക്രട്ടറിയുടെ ഫാസിമിലി ചാർത്തി ബന്ധപ്പെട്ട ഇൻസ്റ്റിറ്റ്യൂട്ടുകൾ വഴി ട്രെയിനികൾക്ക് വിതരണം നടത്തിയിട്ടുള്ള നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റുകളിലെ ജനനത്തീയതി, മേൽവിലാസം മുതലായ രേഖപ്പെടുത്തലുകളിൽ ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർ വെട്ടിതിരുത്തലുകൾ വരുത്തി സാക്ഷ്യപ്പെടുത്തി നൽകുന്നതായി ടി സർട്ടിഫിക്കറ്റുകൾക്ക് യോഗ്യതാ പത്രം നൽകുന്നതിനുള്ള പരിശോധനക്കിടെ കണ്ടെത്തുകയുണ്ടായി. വെട്ടിതിരുത്തലുകളോ മറ്റ് അപാകതകളോ ഇല്ല എന്ന് പരിശോധിച്ച് ഉറപ്പ് വരുത്തിയശേഷം അധികാരികൾ അംഗീകരിച്ചുനൽകുന്ന സർട്ടിഫിക്കറ്റുകളിൽ യാതൊരുവിധ വെട്ടിതിരുത്തലുകളും വരുത്തുവാൻ പാടുള്ളതല്ല എന്ന നിർദ്ദേശം എല്ലാ ഗവ./പ്രൈവറ്റ് ഐ.ടി.ഐ. പ്രിൻസിപ്പാൾമാരും കർശനമായും പാലിക്കേണ്ടതാണ്. സർട്ടിഫിക്കറ്റ് ലഭിച്ചശേഷം രേഖപ്പെടുത്തലുകളിൽ എന്തെങ്കിലും വ്യത്യാസം ശ്രദ്ധയിൽപ്പെട്ടാൽ ഡ്യൂപ്ലിക്കേറ്റ് (ബ്ലാങ്ക് സർട്ടിഫിക്കറ്റ്) വാങ്ങുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

അഡീഷണൽ ഡയറക്ടർ ഓഫ് ട്രെയിനിംഗ്

**To**

*എല്ലാ ഗവ./പ്രൈവറ്റ് ഐ.ടി.ഐ.പ്രിൻസിപ്പാൾമാർക്കും*
(നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാൾമാർ മുഖാന്തിരം)

ആർ.ഇ. 27/2/13